**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5604** **03-11-2021 - ൽ മറുപടിയ്ക്ക്**

**വെഞ്ഞാറമൂട് മത്സ്യ മാർക്കറ്റിനോടനുബന്ധിച്ച് സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം മണ്ഡലത്തിൽ നെല്ലനാട് ഗ്രാമപഞ്ചായത്തിലെ വെഞ്ഞാറമൂട് മത്സ്യ മാർക്കറ്റിനോടനുബന്ധിച്ചുള്ള ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചത് ഏതു ഫണ്ടുപയോഗിച്ചാണെന്നും ഏതു വർഷമാണ് സ്ഥാപിച്ചതെന്നും എത്ര തുകയാണ് ഇതിനായി വിനിയോഗിച്ചതെന്നും അറിയിക്കാമോ; | (എ) | വെഞ്ഞാറമൂട് ഗ്രാമപഞ്ചായത്തിലെ വെഞ്ഞാറമൂട് മത്സ്യ മാർക്കറ്റിനോടനുബന്ധിച്ചുള്ള ബയോഗ്യാസ് പ്ലാന്റ് 2011-2012 സാമ്പത്തിക വർഷത്തിൽ സ്ഥാപിച്ചിട്ടുള്ളതാണ്. പ്ലാൻ ഫണ്ട് 2,25,000/- രൂപ തനത് ഫണ്ട് 2,75,000/- രൂപ സംസ്ഥാനാവിഷ്കൃത ഫണ്ട് 5,00,000/-രൂപ ജില്ലാ പഞ്ചായത്ത്- 3,00,000/- രൂപ എന്നിവ ഉൾപ്പെടുത്തി ആകെ 13,00,000/- രൂപ വകയിരുത്തുകയും 10,46,870/- രൂപ ചെലവഴിച്ചിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത പ്ലാന്റ് എത്രനാൾ പ്രവർത്തിച്ചുവെന്നും പ്ലാന്റിന്റെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ; | (ബി) | പ്രസ്തുത പ്ലാന്റ് ആറര വർഷം പ്രവർത്തിച്ചു നിലവിൽ പ്രവർത്തനരഹിതമാണ്. |
| (സി) | പ്രസ്തുത പ്ലാന്റിന്റെ നിർമ്മാണം സംബന്ധിച്ചും പ്രവർത്തനം നിർത്തിയത് സംബന്ധിച്ചുമുള്ള വിശദവിവരങ്ങൾ നൽകാമോ? | (സി) | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് നിർമ്മാണ ചുമതല നിർവ്വഹിച്ചു. സാങ്കേതിക തകരാറുമൂലം പ്രവർത്തനരഹിതമായി കിടക്കുന്നു. ബയോഗ്യാസ് പ്ലാന്റിന്റെ മെയിന്റനൻസിനായി 3,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ